University Professors.

414. MR. A. P. UDAYABHANU (*Karunagapalli II—General*): Will the Hon'ble Minister for Education be pleased to state:

(*a*) the pay of Professors for English; and

(*b*) the pay of Professors for oriental languages?

HON'BLE MR. T. M. VARGHESE: (*a*) Rs. 450-50-500.

(*b*) Rs. 350-20-450.

കൃഷി.

415. MISS. ACCAMMA CHERIAN (*Changanacherry I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പിന്റെ ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) നെൽകൃഷിക്കായി ഇക്കൊല്ലം എത്ര ഏക്കർ വനം വിട്ട കൊടുത്തിട്ടുണ്ട്? അതു് ഏതെല്ലാം വ്യവസ്ഥകളിലാണു്?

(ബി) ത്രസ്ഥ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ഗവണ്മെന്റ് ചെയ്തു കൊടുത്തിട്ടുണ്ട്?

(സി) ഭക്ഷ്യവിഷയത്തിൽ സ്വയം പര്യാപ്തത സിദ്ധിക്കുന്നതിനു വേണ്ടി കൂടുതൽ വനപ്രദേശങ്ങൾ കൃഷിക്കായി വിട്ടുകൊടുക്കുവാൻ ഗവണ്മെന്റു വിചാരിക്കുന്നുവോ?

HON'BLE MR. K. M. KORAH: (എ) [illegible] ഗവണ്മെന്റു് പ്രസ്നോട്ടിൽ വിവരിക്കുന്ന കരാറുകളും ഉപാധികളും അനുസരിച്ചു് [illegible] ഏക്കർ വനപ്രദേശം കൃഷിചെയ്യുന്നതിനു പാട്ടമായി നൽകിയിട്ടുണ്ടു്.

(ബി) പാട്ടക്കാർക്കു നാമമാത്രവിലയിൽ ചെറിയ തടികൾ അവരുടെ ഉത്തമവിശ്വാസമായ ആവശ്യങ്ങൾക്കുവേണ്ടി സംഭരിക്കുന്നതിനും വിചക്രടാതെ പച്ചിലവളം ശേഖരിക്കുന്നതിനും ഉള്ള സകല സൗകര്യങ്ങളും നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

കുട്ടനാട്ടിലെ വെള്ളപ്പൊക്കം.

416. MR. K. RAMAKRISHNA PILLAI (*Ambalapuha I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

വർഷംതോറും കുട്ടനാട്ടിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിനു് സർക്കാർ ഏതെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. C. KESAVAN: Yes, Schemes for harnessing the waters of the major rivers like the Periyar, Pampa and Manimala are under investigation.

കൃഷിയാവശ്യത്തിനു വളം.

417. MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

കുട്ടനാട്ടിലെ കൃഷി ആവശ്യത്തിനായി വളം സൗജന്യനിരക്കിൽ നൽകണമെന്നു കാണിച്ചു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

HON'BLE MR. K. M. KORAH: ഉണ്ടു്.

അഗാധജലമത്സ്യബന്ധനത്തെപ്പറ്റി റിപ്പോർട്ടു്

MR. WILSON PETER (*Shertalai III—Lattin Catholic*): താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മത്സ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

(എ) യൂണിവേഴ്സിറ്റി പ്രൊഫസർ ഡാ: സി. സി. ജാൺ അഗാധജലമത്സ്യബന്ധനത്തെപ്പറ്റി ബഹു: ഗവണ്മെൻറിനു് ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ?

(ബി) പ്രസ്തുത പദ്ധതിയുടെ സാദ്ധ്യതകളെപ്പറ്റി മറ്റാരെങ്കിലും ഒരു റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ ?

(സി) ഈ റിപ്പോർട്ടുകളുടെ കാപ്പികൾ മെമ്പറന്മാരുടെ അറിവിനായി മേശമേൽ വയ്ക്കുമോ ?

(ഡി) ഡാ. ജാണിന്റെ റിപ്പോർട്ടു് ഉപസംഹരിക്കുന്നതു് ഈ പദ്ധതിയുടെ വിജയത്തിൽ സംശയം രേഖപ്പെടുത്തിയിട്ടുണ്ടോ ?

(ഇ) ഉണ്ടെങ്കിൽ ഈ ഘട്ടത്തിൽ അതിനായി പൊതുസ്വത്തിൽ നിന്നും പണം വിനിയോഗിക്കുന്നതു് ബുദ്ധിപൂർവ്വമാണോ?

HON'BLE MR. K. M. KORAH: (എ) ഇല്ല.

(ബി) ഇല്ല.

(സി) (ഡി) (ഇ) മുൻ ഉത്തരങ്ങളെ ആസ്പദമാക്കി നോക്കുമ്പോൾ ഈ ചോദ്യങ്ങൾ ഉദ്ഭവിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly